**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1800 4.10.2016 -ൽ മറുപടിയ്ക്ക്

## വിനോദസഞ്ചാര മേഖലയുടെ പുരോഗതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ : | | ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
| എ) | ഈ സർക്കാർ അധികാരമേറ്റശേഷം വിനോദസഞ്ചാര മേഖലയുടെ പുരോഗതിക്കായി എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ? | എ) | ഈ സർക്കാർ അധികാരമേറ്റശേഷം വിനോദസഞ്ചാര മേഖലയുടെ പുരോഗതിക്കായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.<br>1. ടൂറിസ്റ്റുകളുടെ വരവിന്റെ തോതിലുണ്ടായ കുറവിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിനായുള്ള പഠനം നടത്തുകയും, പരിഹാര നടപടികൾക്ക് രൂപം നൽകുകയും ചെയ്തു വരുന്നു.<br>2. മുസിരിസ് പൈതൃക പദ്ധതിയും, സ്പൈസ് റൂട്ട് പദ്ധതിയും പുതിയ ഉത്പന്നങ്ങളാക്കി അന്താരാഷ്ട്ര ടൂറിസം മാർക്കറ്റുകളിൽ പ്രചരണം നടത്തി സ്പൈസ് റൂട്ട് രാഷ്ട്രങ്ങൾ പങ്കെടുക്കുന്ന അന്താരാഷ്ട്ര കൾനറി ഫെസ്റ്റിവൽ സംഘടിപ്പിച്ചു<br>3. മുസിരിസ് മാതൃകയിൽ തലശ്ശേരി-ആലപ്പുഴ ഹെറിറ്റേജ് പദ്ധതികൾക്ക് തുടക്കം.<br>4. ' കിഫ്ബി 'യുടെ ധനസഹായത്തോടെ പ്രധാന ടൂറിസം കേന്ദ്രങ്ങളുടെയും, സർക്യൂട്ടുകളുടെയും വികസനത്തിനായി വിശദമായ പ്രോജക്ട് തയ്യാറാക്കുന്നതിന് തുടക്കം, മലബാറിന്റെ ടൂറിസം വികസനത്തിന് പ്രത്യേക പദ്ധതികൾ<br>5. ടൂറിസം കേന്ദ്രങ്ങളുടെ സമഗ്രവികസനത്തിനുള്ള പദ്ധതിക്ക് തുടക്കം. ടൂറിസം സീസണെ വരവേൽക്കുന്നതിനായി ടൂറിസം കേന്ദ്രങ്ങളെ ഒരുക്കുന്നതിന് GREEN CARPET എന്ന പേരിൽ പ്രത്യേക പദ്ധതി. |

| | | | |
|---|---|---|---|
| | | | 6. പ്രധാന ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക് രഹിത മേഖലയാക്കി പ്രഖ്യാപിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടു.<br>7. പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടി.<br>8. ഹൗസ്ബോട്ടുകളിലെ സുരക്ഷിതത്വം ലക്ഷ്യമാക്കി 'ഹൗസ്ബോട്ട് ട്രാക്കിംഗ് സിസ്റ്റം'പദ്ധതിക്ക് തുടക്കം.<br>9. വനം വകുപ്പുമായി സഹകരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന എക്കോ-അഡ്വഞ്ചർ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് തുടക്കം.<br>10. ടൂറിസം സെന്ററുകളിലെ വികസനത്തിനായി നിലവിലെ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്നതിനും പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിനുമായി ഇതര വകുപ്പുകളുടെ ഏകോപനത്തിനായി ഉന്നതതല സമിതി രൂപീകരണത്തിന് തുടക്കം.<br>11. DTPC കളുടെയും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളുടെയും ശാസ്ത്രീയമായ പുന:സംഘടനയ്ക്ക് നടപടി.<br>12. ഗസ്റ്റ് ഹൗസുകളുടെ ശോചനീയാവസ്ഥയും ന്യൂനതകളും പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് ഒരു ദീർഘകാല കരാർ പദ്ധതി.<br>13. ബേക്കൽ കോട്ടയിൽ ലൈറ്റ് & സൗണ്ട് ഷോ പദ്ധതിയുടെ തുടക്കം.<br>14. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള ഓഫ് സീസൺ വിപണനം ചെയ്യുന്നതിനായി 'ഡ്രീം സീസൺ പാക്കേജ്'. |

സെക്ഷൻ ഓഫീസർ